DESPATCHED
On..14/10/22...



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1230(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 6440/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഒക്ടോബർ 13**

ശ്രീ. ആനയറ അജിത്,
റ്റി.സി. 30/217, കെ.ജി. ഭവൻ,
ആനയറ പി.ഒ.,
തിരുവനന്തപുരം.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജിയോളജിസ്റ്റ്,
മൈനിംഗ് & ജിയോളജി വകുപ്പ്,
ജില്ലാ ആഫീസ്, പത്തനംതിട്ട.

2) അപ്പീൽ അധികാരി & ഡെപ്യൂട്ടി ഡയറക്ടർ-1,
ഡയറക്ടറേറ്റ് ഓഫ് മൈനിംഗ് & ജിയോളജി,
കേശവദാസപുരം, പട്ടം പാലസ് പി.ഒ.,
തിരുവനന്തപുരം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 01/12/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 31/12/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 19/02/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | - |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 26/04/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 26/04/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 20/05/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 14/06/2022 |
| ഹിയറിംഗ് നടന്ന തീയതി | 12/10/2022 -വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എതിർകക്ഷികൾ | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ആനയറ അജിത്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി ലഭിക്കാത്തതിനെ തുടർന്ന് കമ്മീഷനിൽ പരാതി നൽകിയെങ്കിലും കമ്മീഷനിൽ നിന്ന് ലഭിച്ച കത്തിലെ നിർദ്ദേശ പ്രകാരം ഒന്നാം

അപ്പീൽ സമർപ്പിച്ചുവെങ്കിലും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ലെന്നും ആയതിനാൽ ടിയാന്റെ അപേക്ഷയിൻമേൽ നടപടി സ്വീകരിക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 01.12.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. (എ) ഒന്നാം എതിർകക്ഷി ഓഫീസ് സുപ്രീം കോടതിയുടെ അധീനതയിലാണോ പ്രവർത്തിക്കുന്നതെന്നും ആണെങ്കിൽ മേൽപ്പടി വകുപ്പുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും വിധികൾ ഒന്നാം എതിർകക്ഷി ഓഫീസിലെ ഫയലിൽ വന്നാൽ മാത്രമേ ബാധകമാകുകയുള്ളോ എന്നും
(ബി) മേൽപ്പടി വകുപ്പുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിലും ഹൈക്കോടതിയിലും വക്കീലിനെ ഗവൺമെന്റ് നിയമിച്ചിട്ടില്ലേ എന്നും അവരുമായി ടി ഓഫീസിന് യാതൊരുവിധ ബന്ധവും ഇല്ലേ എന്നും

ii. റഫ്.നം.2371/ഡിഒപിറ്റിഎ/എം/2021, 25/10/2021 സ്ഥലപരിശോധന നടത്തിയ സ്ഥലത്ത് നിന്ന് ഭയാനകമായ രീതിയിൽ മണ്ണ് ഇടിഞ്ഞ് വീണത് ടി ഓഫീസിനെ, ആർ.ഡി.ഒ. അറിയിച്ചോ എന്നും അതിന്റെ കാരണം എന്തൊക്കെയാണെന്നും അവയുടെ വിശദാംശങ്ങൾ ബാക്കി നിൽക്കുന്നതും ഉടനെ ഇടിഞ്ഞ് വീഴുമോ എന്നും ഇത് വീഴാതിരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 31.12.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ അപ്പീൽ സമർപ്പിച്ചു.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 14.6.2022-ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 2.12.2021-ന് പത്തനംതിട്ട ജിയോളജിസ്റ്റിന് നൽകിയ അപേക്ഷയ്ക്ക് പത്തനംതിട്ട ജില്ലാ ഓഫീസിൽ നിന്നും 31.12.2021-ന് 2555/ഡിഒപിറ്റിഎ/എം/2021 പ്രകാരം മറുപടി നൽകിയിട്ടുണ്ടെന്നും ഒന്നാം അപ്പീൽ അപേക്ഷയ്ക്ക് 10.5.2022 ടി ഓഫീസിലെ ഡി.എംജി/641/2022/എം1 നമ്പറായി പത്തനംതിട്ട എസ്.പി.ഐ.ഒ.യ്ക്ക് കത്ത് നൽകുകയും 18.5.2022 പ്രകാരം മറുപടി ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നും അതിൽ 10.5.2022-ന് ലഭിച്ച അപ്പീലിന് 18.5.2022-ന് മറുപടി നൽകിയിട്ടുണ്ടെന്നുമാണ്. 21.2.2022-ന് ലഭിച്ച അപ്പീൽ സെക്ഷൻ ക്ലാർക്ക് 22.2.2022-ന് തന്നെ സീനിയർ സൂപ്രണ്ട് അയച്ചെങ്കിലും 27.4.22-ന് മാത്രമാണ് സൂപ്രണ്ട് ഫയലിൽ നടപടി സ്വീകരിച്ചതെന്നും പിന്നീട് സെക്ഷന്റെ ചാർജെടുത്ത ക്ലാർക്ക് 9.5.2022-ന് ഫയൽ സൂപ്രണ്ടിന് കൊടുക്കുകയും അന്നുതന്നെ അപ്പലേറ്റ് അതോറിട്ടിയ്ക്ക് ലഭിക്കുകയും ചെയ്തു എന്നും പിന്നീട് 10.5.2022-ന് അപേക്ഷകന്

മറുപടി കൊടുക്കാൻ പത്തനംതിട്ട ജിയോളജിസ്റ്റ്/എസ്.പി.ഐ.ഒ.യ്ക്ക് കൊടുക്കുകയും എസ്.പി.ഐ.ഒ. 18.5.2022-ന് അപേക്ഷകന് മറുപടി കൊടുക്കുകയും ചെയ്തു എന്നും സീനിയർ സൂപ്രണ്ട് തിരക്കുകാരണം ഫയൽ താമസിപ്പിച്ചതാണ് അപ്പീലിന് സമയത്ത് മറുപടി കൊടുക്കാൻ സാധിക്കാതെ പോയതെന്നും ഒന്നാം അപ്പീൽ അധികാരി വളരെ തിരക്കുള്ള ആളാണെന്നും സമയത്തിന് മറുപടി കൊടുക്കാൻ സാധിക്കാത്തതിൽ ടിയാനെതിരെ നടപടി സ്വീകരിക്കരുതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെയും നിലവിലെ എതിർകക്ഷികളേയും പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യേയും, അപ്പീൽ അധികാരിയേയും നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ, ഓഫീസ് സൂപ്രണ്ടായ ശ്രീ. റോബിൻ സെൽവരാജിന്റെ കൈവശമാണ് അപ്പീൽ ഫയൽ ഉണ്ടായിരുന്നത് എന്നതിനാൽ ഹർജിക്കാരൻ സമർപ്പിച്ച അപ്പീലിനെക്കുറിച്ച് പരാമർശിത കാലയളവിലെ അപ്പീൽ അധികാരിയായ ശ്രീ. രാഘവന് അറിയില്ലായിരുന്നുവെന്ന് കമ്മീഷൻ മനസ്സിലാക്കുന്നു. എന്നാൽ ശ്രീ. റോബിൻ സെൽവരാജ് സർവ്വീസിൽ നിന്നും വിരമിച്ചതായി കമ്മീഷൻ കാണുന്നു. ഈ സാഹചര്യത്തിൽ ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ കുടുതൽ ശ്രദ്ധിക്കണമെന്നും ഇതുമായി ബന്ധപ്പെട്ട തപാലുകൾ, വിവരാവകാശ അപേക്ഷകൾ, അപ്പീലുകൾ വൈകിപ്പിക്കരുതെന്നും അപേക്ഷകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ കൈവശം നേരിട്ട് തപാലുകൾ എത്തിക്കുന്നതിനുള്ള നടപടി ഉറപ്പാക്കണമെന്നും മൈനിംഗ് & ജിയോളജി ഡയറക്ടർ, അപ്പീൽ അധികാരി, എസ്.പി.ഐ.ഒ. എന്നിവരോട് കമ്മീഷൻ നിർദ്ദേശിക്കുന്നു. ഭാവിയിൽ വിവരാവകാശ അപേക്ഷകൾക്ക് മറുപടി നൽകുമ്പോൾ കാലതാമസം വരുത്താതെ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ നിർദ്ദേശിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഒക്ടോബർ മാസം 13-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION THIRUVANANTHAPURAM